# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.168 26.09.2016 -ൽ മറുപടിയ്ക്ക്

## നെൽകൃഷി ഉണക്ക ഭീഷണി

**ചോദ്യം**

**ശ്രീ. കെ. വി. വിജയദാസ്**

(എ) പാലക്കാട് ജില്ലയിൽ നെൽകൃഷി ഉണക്ക ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ് ഈ പ്രശ്നത്തിന് പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കുക മാത്രമാണ് പോംവഴി എന്നിരിക്കെ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തി കൃഷിക്കും പാലക്കാടിന്റെ കുടിവെള്ള പ്രശ്നത്തിനും പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

**ഉത്തരം**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി (540 ക്യൂസെക്സ് എന്ന തോതിൽ) ജലമാണ് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേയ്ക്കായി ആവശ്യപ്പെട്ടിരുന്നത്. 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് ആദ്യം തമിഴ്നാട് അറിയിച്ചിരുന്നത്. എന്നാൽ സർക്കാർ തലത്തിൽ നടത്തിയ ശക്തമായ ഇടപെടലുകളെ തുടർന്നും, പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെ നിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 350 – 400 ക്യൂസെക്സ് എന്ന നിരക്കിൽ വെള്ളം തരാമെന്ന് തമിഴ് നാട് സമ്മതിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ